"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്-കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിലെ ശമ്പള ഇനത്തിലെ പ്രതീക്ഷിത ചെലവുകൾക്കായി അധിക ധനാനുമതിയായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/AGRI തീയതി,തിരുവനന്തപുരം, 06-01-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 400/2025/അഗ്രി തീയതി 25/04/2025
2. സ.ഉ.(സാധാ) നം. 651/2025/അഗ്രി തീയതി 27/06/2025
3. സ.ഉ.(കൈ) നം. 101/2025/അഗ്രി തീയതി 25/08/2025
4. സ.ഉ.(കൈ) നം. 125/2025/അഗ്രി തീയതി 21/11/2025
5. സ.ഉ.(സാധാ) നം.63/2026/ധന തീയതി 03/01/2026.
6. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 15/12/2025 തീയതിയിലെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025 - 26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 [(NP(V)] കണക്ക് ശീർഷകത്തിൽ ശമ്പളയിനത്തിലെ ചെലവുകൾക്ക് 131.87 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പരാമർശം 1 മുതൽ 4 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പള ഇനത്തിലുള്ള ചെലവുകൾക്ക് മൂന്ന് ഗഡുക്കളായി 131.84 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2401-00-104-86-(01)-31 [(NP(V)] കണക്ക് ശീർഷകത്തിൽ 5,16,265/- രൂപ മാത്രമാണ് 12/2025-ൽ അവശേഷിക്കുന്നതെന്നും, പ്രസ്തുത തുക 10/25, 11/25 മാസങ്ങളിലെ Statutory Deductions വകയിൽ അടവാക്കുവാനുള്ളതാണെന്നും കമ്മീഷനിലെ ഈ സാമ്പത്തിക വർഷത്തെ ശമ്പള ചെലവുകൾക്കും Periodical Surrender of Earned Leave ചെലവുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 66,88,000/- രൂപ അനുവദിക്കണമെന്നും, പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും കൂടി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി സൂചന (6) പ്രകാരം

അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും പരാമർശം 5ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2401-00-104-86-01-31-NV ശമ്പള ശീർഷകത്തിൽ 58,45,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

4. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിലെ 01/26, 02/26, 03/26 എന്നീ മാസങ്ങളിലെ ശമ്പള ഇനത്തിലെ പ്രതീക്ഷിത ചെലവുകൾക്കായി 2401-00-104-86-01-31-NV ശീർഷകത്തിൽ പരാമർശം 5 ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 58,45,000/- രൂപ (അൻപത്തിയെട്ട് ലക്ഷത്തി നാൽപത്തിയയ്യായിരം രൂപ) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്കൾക്ക് വിധേയമായി വിതരണം ചെയ്യുന്നതിനും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേക്ക് മാറ്റി നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (06/01/2025 തീയതിയിലെ 3122769/Agri-C1/78/2025-FIN നമ്പർ റിമാർക്സ് പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vineesh Kumar G
സെക്ഷൻ ഓഫീസർ
Date: 06-01-2026 17:18:08